# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1639 — 10/02/2020-ൽ മറുപടിയ്ക്ക്

## എളവള്ളി സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണവകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന മണലൂർ മണ്ഡലത്തിലെ എളവള്ളി സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി കരാറുകാരൻ നിർത്തിവെച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത്; കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാകുമോ; ഇക്കാര്യത്തിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; അറിയിക്കാമോ; | ബി) | കരാർ കാലാവധി 21.01.2020 ൽ അവസാനിച്ചു. കരാർ കാലവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാനായില്ല. കരാറുകാരന്റെ ഭാഗത്ത് നിന്നും പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ലിന്റൽ, സൺഷെയ്ഡ് എന്നിവയുടെ കോൺക്രീറ്റിംഗ് പൂർത്തിയാക്കിയ ശേഷം, ടിയാൻ പാർട് ബിൽ ആവശ്യപ്പെടുകയും, ആയത് ലഭിച്ച ശേഷം മാത്രമേ തുടർന്ന് പണിയൂ എന്ന് വാക്കാൽ അറിയിക്കുകയും ചെയ്തിരിക്കുകയാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയല്ലാത്ത കരാറുകാരന്റെ കരാർ ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ല എന്ന |

| | | | |
|---|---|---|---|
| | | | കാരണത്താൽ പണി പൂർത്തീകരിക്കാത്തത് ചട്ട ലംഘനമാണ്. |
| സി) | പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണം പുനരാരംഭിച്ച് എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | സി) | കരാറുകാരനോട് പ്രവൃത്തി പൂർത്തീകരിക്കാൻ മുല്ലശ്ശേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കരാർ കാലാവധി അവസാനിച്ചതിനാൽ, കാലാവധി ദീർഘിപ്പിച്ച കൊണ്ടുള്ള കരാറിൽ ഏർപ്പെടാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ